സഫലബോധനം
സമർപ്പിത മുന്നേറ്റം

KSTU
kerala school teachers union
STATE COMMITTEE

# PART A

## 1st Language - Malayalam (AT)
## Question No.1 to 15

*പാർട്ട് A ഒന്നാം ഭാഷ AT യിൽ 15 ചോദ്യങ്ങൾ ഉണ്ടായിരിക്കും. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.*

1. 2024ൽ അന്തരിച്ച ലോക പ്രശസ്ത കലാകാരനായ ഉസ്താദ് സാക്കിർ ഹുസൈൻ ഏത് മേഖലയിലാണ് തന്റെ കഴിവ് തെളിയിച്ചത്?
   A) മൃദംഗം B) ചെണ്ട
   C) വയലിൻ D) തബല
2. മികച്ച കുട്ടികളുടെ ചലച്ചിത്രത്തിനുള്ള സംസ്ഥാന സർക്കാർ പുരസ്കാരം 1979 ൽ നേടിയ കുമ്മാട്ടി എന്ന സിനിമ സംവിധാനം ചെയ്തത് ആരാണ്?
   A) പി എ ബക്കർ
   B) ഐ വി ശശി
   C) അരവിന്ദൻ
   D) അടൂർ ഗോപാലകൃഷ്ണൻ
3. ശരിയായ വാക്യം കണ്ടെത്തുക
   A) എല്ലാ തിങ്കളാഴ്ച തോറും പ്രാർത്ഥന പതിവുണ്ട്
   B) എല്ലാ തിങ്കളാഴ്ചയും പതിവായി പ്രാർത്ഥനയുണ്ട്
   C) എല്ലാ തിങ്കളാഴ്ചയും പ്രാർത്ഥനയുണ്ട്
   D) തിങ്കളാഴ്ച തോറും പ്രാർത്ഥിക്കുന്ന പതിവുണ്ട്
4. 2024 ലെ മികച്ച നടിക്കുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് ഉർവശിക്കൊപ്പം പങ്കിട്ടെടുത്ത നടി?
   A) പാർവതി തിരുവോത്ത്
   B) ശോഭന
   C) മഞ്ജു വാര്യർ
   D) ബീന ആർ ചന്ദ്രൻ
5. ഒരു വ്യാഴവട്ടം എന്നതിന്റെ അർത്ഥം?
   A) 12 വർഷം B) 10 വർഷം
   C) 15 വർഷം D) 11 വർഷം
6. പന + ഓ = പനയോല ഇത് ഏത് സന്ധിയാണ്?
   A) ആഗമ സന്ധി B) ആദേശ സന്ധി
   C) ലോപസന്ധി D) ദ്വിത്വ സന്ധി
7. എൻ. എ. നസീറിന്റെ *കാടിനെ ചെന്ന് തൊടുമ്പോൾ* എന്ന കൃതി ഏത് സാഹിത്യ ശാഖയിൽ ഉൾപ്പെടുന്നു?
   A) യാത്രാവിവരണം B) കഥ
   C) ലേഖനം D) ആത്മകഥ
8. പ്രിയ സുഹൃത്ത് ഇടപ്പള്ളി രാഘവൻ പിള്ളയുടെ മരണത്തിൽ മനംനൊന്ത് ചങ്ങമ്പുഴ എഴുതിയ കവിത?
   A) സ്വര രാഗസുധ
   B) ബാഷ്പാഞ്ജലി
   C) രമണൻ
   D) സ്പന്ദിക്കുന്ന അസ്ഥി മാടം
9. മലബാർ സൈഗാൾ എന്നറിയപ്പെടുന്നത് ആര്?
   A) കോഴിക്കോട് അബ്ദുൽ ഖാദർ
   B) എം എസ് ബാബുരാജ്
   C) യേശുദാസ്
   D) പി ജയചന്ദ്രൻ
10. *"അന്യ ജീവനുതകീ സ്വജീവിതം*
    *ധന്യമാക്കുമമലേ വിവേകികൾ"*
    ഇതാരുടെ വരികളാണ്?
    A) കുമാരനാശാൻ B) ഒ.എൻ.വി. കുറുപ്പ്
    C) അക്കിത്തം D) സുഗതകുമാരി
11. 'കിണറ്റിൻകരയിെ കുട്ടി' ആരെഴുതിയ കഥയാണ്?
    A) സന്തോഷ് ഏച്ചിക്കാനം
    B) പ്രിയ എ എസ്
    C) ടി പത്മനാഭൻ
    D) അക്ബർ കക്കട്ടിൽ
12. 2024 ലെ വയലാർ അവാർഡ് നേടിയതാര്?
    A) അശോകൻ ചരുവിൽ
    B) കെ ആർ മീര
    C) ശ്രീകുമാരൻ തമ്പി
    D) എൻ. എസ്. മാധവൻ
13. 'മലയാളം കേൾക്കാൻ വായോ' എന്ന കവിത ആരാണ് എഴുതിയത്?
    A) ഒ എൻ വി കുറുപ്പ്
    B) കുരീപ്പുഴ ശ്രീകുമാർ
    C) സത്യ ചന്ദ്രൻ പൊയിൽക്കാവ്
    D) കടത്തനാട് മാധവി അമ്മ
14. നാലഞ്ച് വിഗ്രഹിച്ചാൽ
    A) നാലോ അഞ്ചോ
    B) നാലും അഞ്ചും
    C) അഞ്ചിൽ നാല്
    D) നാലിനും അഞ്ചിനും
15. മജീദ് മജീദി സംവിധാനം ചെയ്ത ചിൽഡ്രൻ ഓഫ് ഹെവൻ ഏത് ഭാഷയിലെ സിനിമയാണ്?
    A) ഇംഗ്ലീഷ് B) ഹിന്ദി
    C) ഇറാനി D) കൊറിയൻ